13/12/2025

SATURDAY

ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor:** SINDHU. KS **Editor:** Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 13/12/2025

1. വയനാട് അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന സെന്റർ ഓഫ് എക്സലൻസ് ഫോർ ഫ്ലവേഴ്സ് ആൻഡ് വെജിറ്റബിൾസിൽ നിന്നും ക്യാബേജ്, കോളിഫ്ലവർ, ബ്രോക്കോളി, ബീൻസ്, പാലക് ചീര തൈകൾ, തണ്ണിമത്തൻ വിവിധയിനം സങ്കരയിനം പച്ചക്കറി തൈകൾ, ഹൈബ്രിഡ് പുഷ്പ വിള തൈകൾ, ദീർഘകാല പച്ചക്കറി വിളകളായ ഹൈബ്രിഡ് പപ്പായ, മുരിങ്ങ, കാന്താരി മുളക്, ചതുരപ്പയർ എന്നിവയുടെ തൈകൾ മുൻകൂർ ഓർഡർ ചെയ്യുന്ന പ്രകാരം തയ്യാറാക്കി നൽകുന്നതാണ്. ചെറിയ അളവിൽ RARS കൗണ്ടറിൽ നിന്ന് വാങ്ങാവുന്നതുമാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9562304546.

### പരിശീലന പരിപാടി

2. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ "നഴ്സറി പരിപാലനവും

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**സസ്യപ്രവർദ്ധനരീതികളും"** (ബഡിംഗ് & ഗ്രാഫിറ്റിംഗ്) എന്ന വിഷയത്തിൽ 2025 ഡിസംബർ 15ന് ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300/- രൂപ (UPI id - kvkthrissur.527@sbi). താൽപര്യമുള്ളവർ 9400483754 എന്ന ഫോണ് നമ്പറിൽ (രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണി വരെ) രജിസ്റ്റർ ചെയ്യാവുന്നതാണ്.

3. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന **"സമ്പന്ന മാലിന്യം"** എന്ന വിഷയത്തിലെ സൗജന്യ ഓൺലൈന് പരിശീലന പരിപാടിയുടെ പുതിയ ബാച്ച് **2025 ഡിസംബർ 26** ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാല ശാസ്ത്രജ്ഞർ കൈകാര്യം ചെയ്യുന്ന ഈ കോഴ്സിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് https://celkau.in/elearning/reg.php എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റര് ചെയ്യാം. ജനുവരി 4 ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. രജിസ്റ്റർ ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങള് മേല് പറഞ്ഞ ലിങ്കിൽ ലഭ്യമാണ്. ഫോൺ : 0487-2438567, 8547837256.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറ ആഭിമുഖ്യത്തിൽ **"നായ വളർത്തൽ"** എന്ന വിഷയത്തിൽ 15/12/2025, 16/12/2025 എന്നീ തീയതികളിൽ മൃഗസംരക്ഷണ പരിശീലന കേന്ദ്രം മലമ്പുഴയിൽ വച്ച് രാവിലെ 10.00 മണി മുതൽ 5.00 മണി വരെ സൗജന്യമായി ദ്വിദിന പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491– 2815454 എന്ന നമ്പറിൽ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ആധാർ കാർഡിൻറെ പകർപ്പ് പരിശീലനത്തിനെത്തുമ്പോൾ കൊണ്ടുവരേണ്ടതുമാണ്.

5. തവനൂർ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ICAR – ആര്യ പദ്ധതിയുടെ ഭാഗമായി പഴം, പച്ചക്കറി സംസ്കരണ മേഖലയുമായി ബന്ധപ്പെട്ട സംരംഭങ്ങൾ ആരംഭിക്കാൻ താൽപര്യപ്പെടുന്ന 45 വയസിൽ താഴെയുള്ളവർക്കായി **"പഴം, പച്ചക്കറി സംസ്കരണ മേഖലയിലെ സംരംഭകത്വ വികസനവും സാധ്യതകളും"** എന്ന വിഷയത്തിൽ 7-ദിവസം നീളുന്ന (പഠനയാത്ര ഉൾപ്പെടെ) സൗജന്യ പരിശീലന ക്ലാസ് മലപ്പുറം ജില്ലയിലെ തവനൂർ, കൃഷി വിജ്ഞാന

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

കേന്ദ്രത്തിൽ രാവിലെ 10 AM മുതൽ 4.00 PM വരെ സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താല്പര്യമുള്ളവർ 8547193685 എന്ന നമ്പറിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. മുൻപ് ഈ പരിശീലനങ്ങളിൽ പങ്കെടുത്തവരെ പരിഗണിക്കുന്നതല്ല .

6. മണ്ണുത്തിയിലെ ഗോട്ട് & ഷീപ്പ് ഫാമിൽ വെച്ച് ആടുവളർത്തൽ ശാസ്ത്രീയമായും നൂതനസാങ്കേതിക സംവിധാനങ്ങളുടെ സഹായത്തോടെയും എങ്ങനെ ലാഭകരമായി ചെയ്യാം? എന്ന വിഷയത്തിൽ ഏകദിന പരിശീലനം ഡിസംബർ 20 ന് സംഘടിപ്പിച്ചിരിക്കുന്നു. രജിസ്റ്റർ ചെയ്യാനായി വിളിക്കേണ്ട നമ്പർ :9447796219, 0487 2961100.

7. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ എഞ്ചിനീയറിങ് &പ്രോസസ്സിങ് ഡിവിഷനിൽ എൻജിനീയറിങ് സൂപ്പർവൈസർ (സിവിൽ) -നെ താൽകാലികാടിസ്ഥാനത്തിൽ നിയമിക്കുന്നു. ഉദ്യോഗാർത്ഥികൾ അംഗീകൃത സർവ്വകലാശാല/ബോർഡിൽ നിന്ന് ഫസ്റ്റ്ക്ലാസ് മാർക്കോടെ സിവിൽ എൻജിനീയറിങ്ങിൽ ഡിപ്ലോമ/ തത്തുല്യയോഗ്യതയും ഡിപ്ലോമ എടുത്തതിനു ശേഷം സിവിൽ

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കൺസ്ട്രക്ഷൻ, എസ്റ്റിമേഷൻ എന്നീ മേഖലകളിൽ ഒരു വർഷത്തെ പ്രവൃത്തിപരിചയവും ഉള്ളവരായിരിക്കണം. അപേക്ഷകർക്ക് 2025 ജനുവരി ഒന്നിന് 30 വയസ്സ് കവിയാൻ പാടില്ല. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ യോഗ്യത, പ്രവൃത്തിപരിചയം, പ്രായം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ കോപ്പികൾ സഹിതം നിശ്ചിത ഫോറത്തിൽ 2025 ഡിസംബർ 18-ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് മുമ്പ് ജോയിന്റ് ഡയറക്ടർ (ഇ&പി), എഞ്ചിനീയറിങ് & പ്രോസസ്സിങ് ഡിവിഷൻ, ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം, റബ്ബർബോർഡ് പി. ഒ. കോട്ടയം -686009 എന്ന വിലാസത്തിൽ ലഭിക്കത്തക്കവിധം അപേക്ഷിക്കുക. കൂടുതൽ വിവരങ്ങൾക്ക് റബ്ബർബോർഡ് വെബ്സൈറ്റ് (www.rubberboard.gov.in) സന്ദർശിക്കുകയോ 0481-2353311 (എക്സ്റ്റൻഷൻ- 236) എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം